**File No.SJD/590/2020-C1**

## പുനഃവിജ്ഞാപനം

അനധികൃതമായി രാജ്യത്ത് പ്രവേശിക്കുന്ന വിദേശികളേയും, പാസ്സ്പോർട്ട്/വിസ കാലാവധി തീർന്ന ശേഷവും അനധികൃതമായി രാജ്യത്ത് തുടരുന്ന വിദേശികളേയും , ശിക്ഷാകാലാവധി പൂർത്തിയാക്കി അവരവരുടെ രാജ്യത്തേയ്ക്ക് തിരിച്ചുപോകുന്നതിനുള്ള നിയമനടപടികൾക്കായി കാത്തുകിടക്കുന്ന വിദേശികളേയും അവർ രാജ്യം വിടുന്നതുവരെ നിരീക്ഷണത്തിൽ പാർപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ ഒരു ഡിറ്റൻഷൻ സെന്റർ സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ, ഒരു സമയം പരമാവധി 10 പേർക്ക് താമസ സൗകര്യം ഒരുക്കാൻ കഴിയുന്ന ഒരു ഡിറ്റൻഷൻ സെന്റർ തിരുവനന്തപുരം അല്ലെങ്കിൽ തൃശ്ശൂർ ജില്ലയിൽ ആരംഭിക്കുന്നതിന് താല്പര്യമുള്ള സംഘടനകൾ 15/06/2021 വൈകുന്നേരം 5 മണിക്ക് മുൻപായി വിശദമായ പ്രൊപ്പോസൽ ധനകാര്യ വിശകലനം സഹിതം ചുവടെ ചേർക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ് . പ്രസ്തുത ഡിറ്റൻഷൻ സെന്ററിൽ താമസക്കാർക്കുള്ള ഭക്ഷണം , സോഷ്യൽ വർക്കറുടെ സേവനം ഉൾപ്പെടെയുള്ള അടിസ്ഥാന സൌകര്യങ്ങൾക്ക് പുറമേ സുരക്ഷയുടെ ഭാഗമായി CCTV Installation, Barbed Wire Fencing & Illumination (around the compound), Fire Extinguisher എന്നീ സൌകര്യങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്. സുരക്ഷ ഒരുക്കുന്നതിനാവശ്യമായ പോലീസ് സംവിധാനം സർക്കാർ തലത്തിൽ ലഭ്യമാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സാമൂഹ്യനീതി ഡയറക്ടറേറ്റിന്റെ ചുവടെ കൊടുത്തിരിക്കുന്ന മേൽവിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്. (www.sjd.kerala.gov.in)

ഡയറക്ടർ,
സാമൂഹ്യനീതി വകുപ്പ്,
അഞ്ചാം നില, വികാസ് ഭവൻ,
പി.എം.ജി, തിരുവനന്തപുരം – 695033
ഫോൺ. 0471 – 2306040

**വിശ്വസ്തതയോടെ,**

**സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി**